പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3399 — 16/12/2015 ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ: | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി). |
| (എ) മുൻ സാമ്പത്തിക വർഷത്തെ വയനാട് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ വ്യക്തമാക്കുമോ; | എ) 1. 20,000/- രൂപ ചെലവഴിച്ച് പനമരം വെറ്ററിനറി ഡിസ്പെൻസറിയുടെ ഉത്ഘാടനം നടത്തി.<br>2. 60,000/- രൂപ ചെലവഴിച്ച് 6 പഞ്ചായത്തിലെ സ്കൂൾ കുട്ടികൾക്ക് വേണ്ടി മൃഗസംരക്ഷണ ബോധവൽക്കരണ പ്രോഗ്രാം നടത്തി.<br>3. 1,64,000/- രൂപ ചെലവഴിച്ച് 3 പഞ്ചായത്തിലെ സ്കൂളുകളിൽ അനിമൽ വെൽഫെയർ ക്ലബുകൾ രൂപീകരിച്ചു.<br>4. 1,00,000/- രൂപ ചെലവഴിച്ച് 2 താലൂക്കുകളിൽ താലൂക്ക് തല എന്റർപ്രണർ പ്രോഗ്രാം സംഘടിപ്പിച്ചു.<br>5. 1,40,000/- രൂപ ചെലവഴിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തലിന് പരിശീലനം നൽകി.<br>6. 16,32,400/- രൂപ ചെലവഴിച്ച് 50 സ്കൂളുകളിലെ 2500 കുട്ടികളിലൂടെ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കി.<br>7. 6,07,525/- രൂപ ചെലവഴിച്ച് 150 താറാവു വളർത്തൽ യൂണിറ്റ് സ്ഥാപിച്ചു.<br>8. 6,25,000/- രൂപ ചെലവഴിച്ച് 25 ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിച്ചു.<br>9. 4,00,000/- രൂപ ചെലവഴിച്ച് ഇരുളം പഞ്ചായത്തിനെ മോഡൽ പഞ്ചായത്താക്കി മാറ്റി.<br>10. 1,50,000/- രൂപ ചെലവഴിച്ച് 5 യൂണിറ്റ് കേജ് റീയറിംഗ് ഓഫ് ഗോട്ട് എന്ന പദ്ധതി നടപ്പിലാക്കി.<br>11. മാനന്തവാടി ബ്ലോക്കിൽ രാത്രികാല അടിയന്തിര മൃഗ ചികിൽസാ സേവനം നടപ്പിലാക്കി.<br>12. കുരങ്ങുപനി നിയന്ത്രണവിധേയമാക്കി. |

**(ബി)** നടപ്പ സാമ്പത്തിക വർഷത്തെ സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ വ്യക്തമാക്കുമോ;

**ബി)** 1. 60,000/- രൂപ ചെലവഴിച്ച് 6 പഞ്ചായത്തിലെ സ്കൂൾ കുട്ടികൾക്ക് വേണ്ടി മൃഗസംരക്ഷണ ബോധവൽക്കരണ പ്രോഗ്രാം നടത്തി.

2. 1,00,000/- രൂപ ചെലവഴിച്ച് 2 താലൂക്കുകളിൽ താലൂക്ക് തല എന്റർപ്രണർ പ്രോഗ്രാം സംഘടിപ്പിച്ചു.

3. 1,40,000/- രൂപ ചെലവഴിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തലിന് പരിശീലനം നൽകി.

4. 1,54,000/- രൂപ ചെലവഴിച്ച് 3 പഞ്ചായത്തിലെ സ്കൂളുകളിൽ അനിമൽ വെൽഫെയർ ക്ലബ്ബുകൾ രൂപീകരിച്ചു.

5. 9,01,500/- രൂപ ചെലവഴിച്ച് 50 സ്കൂളുകളിലെ 2500 കുട്ടികളിലൂടെ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കി.

6. 9,00,000/- രൂപ ചെലവഴിച്ച് ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിച്ചു.

7. 1,80,000/- രൂപ ചെലവഴിച്ച് ഓർഗനൈസിംഗ് റെഗുലർ വിസിറ്റിംഗ് വിത്ത് സൊസൈറ്റീസ് എന്ന പദ്ധതി നടപ്പിലാക്കി.

8. 1,02,000/- രൂപ ചെലവഴിച്ച് ഹെൽത്ത് ക്യാമ്പുകൾ നടത്തി

9. 6,54,180/- രൂപ ചെലവഴിച്ച് വിവിധ മൃഗാശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങി.

10. 1,00,000/- രൂപ ചെലവഴിച്ച് ഇൻഫെർട്ടിലിറ്റി ക്യാമ്പുകൾ സംഘടിപ്പിച്ചു.

**(സി)** നടപ്പ സാമ്പത്തിക വർഷം ഇതുവരെ പദ്ധതിയിനത്തിൽ വകുപ്പ് വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

**(സി)**

| താലൂക്ക് | ചിലവഴിച്ച തുക |
|---|---|
| വൈത്തിരി | 8,55,000 |
| സുൽത്താൻ ബത്തേരി | 8,06,300 |
| മാനന്തവാടി | 8,97,500 |

സെക്ഷൻ ഓഫീസർ